# ഉറുമ്പിന്റെ കുറുമ്പേ

കരിമ്പുള്ള പറമ്പേ
പറമ്പിന്റെ വരമ്പേ
വരമ്പിന്റെ അരികേ
അരികത്തെ ഇരുമ്പേ
ഇരുമ്പിന്റെ തുരുമ്പേ
തുരുമ്പിലെ ഉറുമ്പേ
ഉറുമ്പിന്റെ കുറുമ്പേ

കരിമ്പുള്ള പറമ്പിന്റെ വരമ്പിന്റെ അരികത്തെ
ഇരുമ്പിന്റെ തുരുമ്പിലെ ഉറുമ്പിന്റെ കുറുമ്പേ...
കുറുമ്പുള്ളൊരുറുമ്പേ
ഉറുമ്പുള്ള തുരുമ്പേ
തുരുമ്പുള്ളൊരുരിമ്പേ
ഇരുമ്പുള്ളൊരരികേ
അരികുള്ള വരമ്പേ
വരമ്പുള്ള പറമ്പേ
പറമ്പിലെ കരിമ്പേ
കുറുമ്പുള്ളൊരുമ്പുള്ള തുരുമ്പുള്ളൊരിരുമ്പുള്ള
അരികുള്ള വരമ്പുള്ള പറമ്പിലെ കരിമ്പേ





## ഉറുമ്പും പാട്ടുകൾ
സമ്പാ: അഞ്ജലി, പ്രിയ

## എന്തിത്ര തിടുക്കം?

വരിവരിയുറുമ്പേ
തരിമണിയുറുമ്പേ
കരികരിയുറുമ്പേ
എന്തിത്ര തിടുക്കം?

കാക്കരക്കാവിൽ
മീനൂട്ടും കടവിൽ
അരിമണി പെറുക്കാൻ
തിടുക്കത്തിൽ പോണു

## ഉറുമ്പേ ഉറുമ്പേ

ഉറുമ്പേ ഉറുമ്പേ
ഉറുമ്പിന്റച്ഛൻ എങ്ങട് പോയി
ചാത്തൊണ്ണാൻ പോയി
ചാത്തൊണ്ട് വരുമ്പോ
എന്തെല്ലാം കൊണ്ടരും?

എരിശ്ശേരി പുളിശ്ശേരി,
അവിയലും കിവിയലും
പച്ചടീം കിച്ചടീം
പപ്പടോം പായസോം
ഉപ്പേരീം....

## പള്ളിക്കൂടം തമാശകൾ

അധ്യാപകൻ: വസ്തുക്കൾ ചൂടുകാലത്ത് വികസിക്കുകും തണുപ്പുകാലത്ത് സങ്കോചിക്കുകയും ചെയ്യുന്നു എന്ന് മനസിലായല്ലോ. അതിനൊരു ഉദാഹരണം പറയൂ, രാജൂ.

രാജു: വെക്കേഷൻ.

അധ്യാപകൻ: വെക്കേഷനോ? അതെങ്ങനെ?

രാജു: വേനൽക്കാലത്തെ ചൂടുകാരണം വെക്കേഷൻ വികസിച്ച് രണ്ടു മാസമായിരിക്കുന്നു. ക്രിസ്തുമസ് തണുപ്പുകാലത്തായതിനാൽ ക്രിസ്തുമസ് വെക്കേഷൻ സങ്കോചിച്ച് പത്തു ദിവസമായിരിക്കുന്നു.

•••

## 'എന്റെ ഒഴിവുകാല വായന'

**കേ**രളത്തിലെ ഏറ്റവും വലിയ ബാലസാഹിത്യ പ്രസിദ്ധീകരണമായ കൈരളി ചിൽഡ്രൻസ് ബുക്ക് ട്രസ്റ്റ് കേരളത്തിലെ സ്കൂൾ വിദ്യാർഥികൾക്കായി പുസ്തക വായനാമത്സരം സംഘടിപ്പിക്കുന്നു. ഏപ്രിൽ, മെയ് മാസങ്ങളിൽ വിദ്യാർഥികൾ വായിക്കുന്ന മലയാള പുസ്തകങ്ങളെപ്പറ്റി ഒരു ആസ്വാദനക്കുറിപ്പെഴുതി അയയ്ക്കുക. വിദ്യാർഥിയുടെ പേരും മേൽവിലാസവും സ്കൂൾ വിലാസവും പ്രത്യേക കടലാസിൽ എഴുതി ആസ്വാദനത്തോടൊപ്പം വച്ചിരിക്കണം. വായിക്കുന്നത് ഏത് മലയാളം പുസ്തകവുമാവാം; കവിതയോ കഥയോ നോവലോ ജീവചരിത്രമോ എന്തും. ആസ്വാദനം രണ്ടു പേജിൽ കവിയരുത്. ഏറ്റവും നല്ല ആസ്വാദനത്തിന് 1000 രൂപയുടെ പുസ്തകങ്ങൾ സമ്മാനമായി നല്കുന്നു. കൂടാതെ 500 രൂപയുടെ പുസ്തകങ്ങൾ വീതം മൂന്നു പേർക്ക് രണ്ടാം സമ്മാനങ്ങൾ. 250 രൂപയുടെ പുസ്തകങ്ങൾ വീതം അഞ്ചു പേർക്ക് മൂന്നാം സമ്മാനങ്ങൾ.

അയയ്ക്കേണ്ട വിലാസം:

സെക്രട്ടറി, കൈരളി ചിൽഡ്രൻസ് ബുക്ക് ട്രസ്റ്റ്, കോട്ടയം-686001



□ അമൽ തമ്പി, മൂന്നാംക്ലാസ്, ജി.എൽ.പി.എസ്., മാണ്ടാട്, വയനാട്



□ ആതിര തമ്പി, ഒന്നാം ക്ലാസ്, ജി.എൽ.പി.എസ്, മാണ്ടാട്, വയനാട്